| 28-06-2022 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങൾ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണർക്ക് പരിധിയില്ലാത്ത അച്ഛനിൽ നിന്നും 21 ജന്മത്തേക്കുള്ള പൂർണ്ണമായ സമ്പത്ത് നേടുന്നതിന് തീർച്ചയായും ശ്രീമതമനുസരിച്ച് നടക്കണം.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ഏതൊരു തയ്യാറെടുപ്പാണ് ചെയ്തുകൊണ്ടിരിക്കുന്നത്? നിങ്ങളുടെ പ്ലാൻ എന്താണ്?

**ഉത്തരം:-** നിങ്ങൾ അമരലോകത്തേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പാണ് ചെയ്തു കൊണ്ടിരിക്കുന്നത്. നിങ്ങളുടെ പ്ലാനാണ് ഭാരതത്തെ സ്വർഗ്ഗമാക്കുക എന്നത്. നിങ്ങൾ തന്റെ തന്നെ ശരീരം-മനസ്സ്-ധനം കൊണ്ട് ഈ ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിനുള്ള സേവനത്തിൽ മുഴുകിയിരിക്കുന്നു. നിങ്ങൾ ബാബയോടൊപ്പം പൂർണ്ണമായും സഹയോഗികളാണ്. അഹിംസയുടെ ബലത്തിലൂടെ നിങ്ങളുടെ പുതിയ രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. മനുശ്യർ വിനാശത്തിന് വേണ്ടി പ്ലാൻ ഉണ്ടാക്കുന്നു.

**ഗീതം:-** മാതാ ഓ മാതാ.....

**ഓം ശാന്തി.** ഇത് ആരുടെ മഹിമയാണ് നിങ്ങൾ കേട്ടത്? രണ്ട് മാതാക്കളുടെ. ഒന്ന് ബാബയുടെ മഹിമയാണ്, അങ്ങ് തന്നെയാണ് മാതാവും പിതാവും....നിരാകാരനും ഇങ്ങനെയുള്ള മഹിമയുണ്ട്, അങ്ങ് തന്നെയാണ് മാതാവും പിതാവും.... കാരണം പിതാവുണ്ടെങ്കിൽ മാതാവും ഉണ്ടാകും. നിങ്ങൾക്കറിയാം പരമപിതാ പരമാത്മാവിന് സൃഷ്ടി രചിക്കേണ്ടി വരുമ്പോൾ തീർച്ചയായും മാതാവ് വേണം. ബാബയ്ക്ക് ഏതെങ്കിലും സാധാരണ ശരീരത്തിൽ തീർച്ചയായും വരുക തന്നെ വേണം. ശിവജയന്തി അഥവാ ശിവരാത്രി എന്നു പറയുന്നു. തീർച്ചയായും പരമപിതാ പരമാത്മാവ് അവതരിക്കുന്നു. എന്തിന് വേണ്ടി? പുതിയ രചനയ്ക്ക് വേണ്ടി, പഴയ രചനയുടെ വിനാശം ചെയ്യുന്നതിന്. ബ്രഹ്മാവിലൂടെ തന്നെയാണ് രചനയെ രചിക്കുന്നത്. ലൗകിക അച്ഛനും പരിധിയുള്ള ബ്രഹ്മാവാണ്. തന്റെ സ്ത്രീയിലൂടെ പരിധിയുള്ള രചനയെ രചിക്കുന്നു. അവരെ മാതാ പിതാവ് എന്നു വിളിക്കുന്നത് അവരുടെ മക്കളാണ്. സർവ്വരും വിളിക്കില്ല- അങ്ങ് തന്നെയാണ് മാതാ പിതാവെന്ന്....കാരണം ഇത് വളരെ കുട്ടികളുടെ ചോദ്യമാണ്. പ്രജാപിതാ ബ്രഹ്മാവിന് അനേകം മക്കളുണ്ട്. അതിനാൽ തീർച്ചയായും ബ്രഹ്മാമുഖ കമലത്തിലൂടെ ബ്രാഹ്മണ കുലം അഥവാ ബ്രാഹ്മണ വർണ്ണം പരിധിയില്ലാത്ത ബാബയാണ് രചിച്ചിട്ടുണ്ടാകുക. ബാബയുടെ മുഖത്തിലൂടെയുള്ള രചനയാണ്. ആ മാതാ-പിതാവിന്റേത് വികാരി രചനയാണ്. അവർക്ക് ഈ മഹിമ ചെയ്യാൻ സാധിക്കില്ല. ഈ മഹിമ പരിധിയില്ലാത്ത അച്ഛന്റെയും അമ്മയുടെതുമാണ്. അങ്ങ് തന്നെയാണ് മാതാവും പിതാവും.... ബാബാ.. അങ്ങ് വന്ന് ഞങ്ങളെ തന്റേതാക്കി. ബാബയിൽ നിന്നും ഞങ്ങൾക്ക് സ്വർഗ്ഗത്തിന്റെ 21 ജന്മത്തേക്കുള്ള സുഖമാണ് ലഭിക്കുന്നത്. അതിനാൽ ബ്രഹ്മാ മുഖത്തിലൂടെ നിങ്ങൾ ശിവബാബയുടെ കൊച്ചു മക്കളായി തീർന്നു. ജഗദംബ സരസ്വതി ബ്രഹ്മാമുഖവംശാവലിയായി തീരുന്നു. ഭാരതത്തിൽ പാടുന്നുണ്ട്- അങ്ങ് തന്നെ മാതാവും പിതാവും... അതിനാൽ തീർച്ചയായും ജഗദംബയും ജഗത്പിതാവും വേണം. അവരുടെ മുഖത്തിലൂടെ തന്നെയാണ് നിങ്ങൾ മക്കളാകുന്നത്. സമ്പത്ത് നിങ്ങൾക്ക് ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്, ബ്രഹ്മാവിൽ നിന്നല്ല. ആരിലാണോ പ്രവേശിച്ചിരിക്കുന്നത്, അവരെ അമ്മ എന്നു പറയുന്നു. അമ്മയിലൂടെ സമ്പത്തൊന്നും ലഭിക്കില്ല. സമ്പത്ത് എപ്പോഴും അച്ഛനിൽ നിന്നാണ് ലഭിക്കുന്നത്. നിങ്ങൾക്കും സമ്പത്ത് പരിധിയില്ലാത്ത അച്ഛനിൽ നിന്നാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഭക്തി മാർഗ്ഗത്തിൽ മഹിമ പാടി, തീർച്ചയായും ബാബയ്ക്ക് വരണം. കുട്ടികൾ വളരെ ദുഃഖിതരാണ്. ദുഃഖധാമിനു ശേഷം തീർച്ചയായും സുഖധാമം വരണം. സത്യയുഗത്തിൽ സതോപ്രധാന സുഖമാണ് പിന്നെ ത്രേതായിൽ കുറച്ച് കുറവ്. രണ്ട് കല കുറവെന്നു പറയാം. ദ്വാപര കലിയുഗത്തിൽ അതിനേക്കാൾ കുറവും. ഇപ്പോൾ ഈ ചക്രം കറങ്ങുക തന്നെ വേണം. കുട്ടികൾക്കറിയാം പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് സ്വർഗ്ഗം രചിക്കുന്നത്. ബാബയ്ക്ക് ആദ്യം സൂക്ഷ്മ വതനം രചിക്കണം കാരണം തീർച്ചയായും ബ്രഹ്മാവ് വേണം. ബ്രഹ്മാവിനെയും ശിവബാബ ദത്തെടുക്കുന്നു. പറയുകയാണ്- നീ എന്റേതാണ്. ബ്രഹ്മാവും പറയുന്നു- ബാബാ ഞാൻ അങ്ങയുടേതാണ്. ശിവബാബയുടെ മൂന്നു കുട്ടികൾ, മൂന്നു പേരുടെയും ജീവചരിത്രം കേൾപ്പിക്കുന്നു. ഈ വ്യക്ത ബ്രഹ്മാവാണ് പിന്നീട് അവ്യക്തമാകുന്നത്. നിങ്ങളും വ്യക്ത ബ്രഹ്മാവിന്റെ സന്താനങ്ങൾ പിന്നീട് അവ്യക്ത സന്താനങ്ങളായി മാറുന്നു. ഇത് വളരെ ഗുഹ്യമായ കാര്യങ്ങളാണ്. പരമപിതാ പരമാത്മാവ് വിശ്വത്തിന്റെ രചയിതാവാണ്. ആദ്യമാദ്യം രചിക്കുന്നത് സ്വർഗ്ഗമാണ്. ബാബയിൽ നിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കണം. ഇപ്പോൾ നമ്മൾ നരകത്തിലാണ്. നമ്മെ രചിച്ചപ്പോഴായിരിക്കും സമ്പത്ത് നല്കിയിട്ടുണ്ടാകുക. ബാബ പറയുന്നു- ഞാനിപ്പോൾ രചിച്ചു കൊണ്ടിരിക്കുന്നു. 5000

വർഷങ്ങൾക്ക് മുൻപും ഞാൻ ഇതുപോലെ വന്ന് ബ്രഹ്മാവിലൂടെ ബ്രാഹ്മണ കുലത്തെ രചിച്ചിരുന്നു. ഇത് രുദ്ര ജ്ഞാന യജ്ഞമാണ്, ഇതിനെ ബ്രാഹ്മണർക്കേ സംരക്ഷിക്കാൻ സാധിക്കൂ. അതിനാൽ ഇവർ ബ്രഹ്മാ മുഖവംശാവലി ബ്രാഹ്മണരാണ്. ആ ബ്രാഹ്മണരെ വികാരി ബ്രാഹ്മണർ എന്നാണ് പറയുന്നത്. ബ്രഹ്മാമുഖ വംശാവലി ബ്രാഹ്മണർ എന്നു പറയില്ല. അതിനാൽ നിങ്ങൾ കുട്ടികൾ ഇപ്പോൾ ബ്രഹ്മാമുഖവംശാവലിക ളാണ്. ആദ്യം തീർച്ചയായും ബ്രാഹ്മണർ വേണം. എങ്ങനെ ബ്രാഹ്മണരായി? ശൂദ്ര വർണ്ണം ഉള്ളത് ഇവിടെ തന്നെയാണ്. നിങ്ങൾ കുട്ടികളെ ഇപ്പോൾ ബ്രാഹ്മണ വർണ്ണത്തിലേക്ക് കൊണ്ടു വന്നു. പാദത്തിൽ നിന്നും കുടുമി ബ്രാഹ്മണർ, ബ്രാഹ്മണരിൽ നിന്നും ദേവതയാകണം. ഈ വർണ്ണം ആദി സനാതന ദേവീദേവതാ ധർമ്മത്തിലുള്ളവർക്കാണ്, മറ്റ് ധർമ്മങ്ങളിലുള്ളവർക്കല്ല. 21 ജന്മം നിങ്ങൾ ദേവതാ വർണ്ണത്തിൽ വരുന്നു. ബ്രാഹ്മണ വർണ്ണത്തിലെ ജന്മം ഒന്നോ ഒന്നരയോ ആകാം കാരണം സംസ്ക്കാരം ധാരണ ചെയ്ത് ശരീരം വിടുന്ന കുട്ടികൾ വീണ്ടും വന്ന് ജ്ഞാനം എടുക്കാം. അതിനാൽ ബാബ മനസ്സിലാക്കി തരുന്നു- കുട്ടിക്കള സ്വർഗ്ഗത്തിന്റെ അധികാരിയാകണമെങ്കിൽ തീർച്ചയായും പവിത്രമാകണം. 63 ജന്മം നിങ്ങൾ കഷ്ടപ്പാടനുഭ വിച്ചു, ഇപ്പോൾ നിങ്ങൾ മഹാദുഃഖത്തിലാണ്. മുഴുവൻ ഭാരതത്തിന്റെയും പ്രശ്നമാണല്ലോ. ഇപ്പോൾ മുഴു വൻ ഭാരതവും സുഖിയാണെന്ന് പറയാൻ സാധിക്കില്ല. ഭാരതത്തിൽ ധനവാൻമാർധാരാളം ഉണ്ടായിരുന്നു. നോക്കൂ, ഒരു വ്യക്തി വന്നിരുന്നു, കോടിപതിയായിരുന്നു എന്നാൽ കൈയ്യും കാലുമില്ലായിരുന്നു, അപ്പോൾ ദുഃഖമായില്ലേ. ലോകത്തിൽ ദുഃഖമുള്ള ഒരാളെങ്കിലും ഉണ്ടെങ്കിൽ തീർച്ചയായും ദുഃഖധാമം എന്ന് പറയും. സത്യയുഗത്തിൽ ഒരാൾ പോലും ദുഃഖിയായിട്ടുണ്ടാകില്ല. ഭാരതം സുഖധാമം ആയിരുന്നു. ആരാണ് സ്വർഗ്ഗം രചിച്ചത്? ബാബ. നമ്മൾ കുട്ടികൾ അവകാശികളാണ്. 5000 വർഷങ്ങൾക്ക് മുൻപും നമ്മൾ തീർച്ചയായും സ്വർഗ്ഗത്തിലായിരുന്നു. പറയാറുണ്ട് ക്രിസ്തു വരുന്നതിന് 3000 വർഷങ്ങൾക്ക് മുമ്പ് ഗീത കേൾപ്പിക്കാൻ വന്നിരുന്നു എന്ന്. അപ്പോൾ 5000 വർഷങ്ങളുടെ സമയം ആയില്ലേ. 2000 വർഷം ക്രിസ്തുവിന്റെ, 3000 വർഷ ങ്ങൾ അതിനു മുമ്പ്. അതിനാൽ ഇപ്പോൾ ഗീത കേൾപ്പിക്കാനല്ലേ വന്നിരിക്കുന്നത്. തീർത്തും ദേവീ ദേവതാ ധർമ്മവും ഇപ്പോൾ പ്രായേണ ലോപിച്ചു.

നിങ്ങൾ കുട്ടികൾ പാണ്ഢവരാണ്, അവരെ സഹായിക്കുന്നത് ഗീതയുടെ ഭഗവാനാണ്. ബാബ നിരാകാ രനാണ്. ശാസ്ത്രങ്ങളിലുമുണ്ട് രുദ്രജ്ഞാനയജ്ഞം. വാസ്തവത്തിൽ ശിവരാത്രിയാണ്, ശിവജയന്തിയാ ണ്. രുദ്രജയന്തിയോ രുദ്രരാത്രിയോ എന്ന് പറയില്ല. ശിവരാത്രി എന്ന് എന്തു കൊണ്ട് പറയുന്നു? ഇപ്പോൾ പരിധിയില്ലാത്ത രാത്രിയാണ്, ഘോര അന്ധകാരമല്ലേ. ബാബ പറയുന്നു- ഞാൻ വരുന്നത് പരിധിയില്ലാത്ത രാത്രിയുടെ സമയത്താണ്. ഇപ്പോൾ പകൽ വരാൻ പോകുന്നു. എന്റെ ജന്മം സാധാരണ മനുഷ്യരെ പോലെയല്ല. കൃഷ്ണൻ മാതാവിന്റെ ഗർഭകൊട്ടാരത്തിലൂടെയാണ് ജന്മമെടുത്തത്. ഇപ്പോൾ നിങ്ങൾ കുട്ടി കൾക്കറിയാം ആ മാതാ-പിതാവിലൂടെ സ്വർഗ്ഗത്തിന്റെ സുഖവും സമ്പത്തും ലഭിച്ചു കൊണ്ടിരിക്കുന്നു. സ്വർഗ്ഗവും നരകവും ഏത് പക്ഷിയുടെ പേരാണെന്ന് മനുഷ്യർക്കറിയില്ല. ഇപ്പോൾ ഇവിടെ നിങ്ങൾ പഠി ക്കാൻ വന്നിരിക്കുന്നു, ശ്രീമതമനുസരിച്ച് നടക്കുന്നു. ശ്രീമതമനുസരിച്ച് നടക്കുന്നതിലൂടെ നിങ്ങൾ സ്വർഗ്ഗ ത്തിലെ ശ്രീ ലക്ഷ്മീ നാരായണനായി തീരുന്നു. സത്യയുഗത്തിന്റെ അധികാരികളാണ് അതിനാൽ തീർച്ച യായും കലിയുഗത്തിന്റെ അന്ത്യത്തിൽ അവർക്ക് 84-ാം ജന്മം ഉണ്ടാകും, ആ സമയത്ത് രാജയോഗം പഠി ച്ചിട്ടുണ്ടാകും. ഒരാൾ മാത്രമല്ല, മുഴുവൻ സൂര്യവംശി കുലവും രാജയോഗം പഠിക്കുന്നുണ്ട്. അവർ പരിധി യില്ലാത്ത ബാബയിൽ നിന്നും സൂര്യവംശീ, ചന്ദ്രവംശീ രാജ്യത്തിന്റെ സമ്പത്ത് നേടി കൊണ്ടിരിക്കുന്നു. ബാബ പറയുന്നു ഇപ്പോൾ നിങ്ങൾ പവിത്രമായി ജീവിക്കുന്നതിനുള്ള പ്രതിജ്ഞയെടുക്കൂ കാരണം ഞാൻ പവിത്രമായ ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു. 63 ജന്മം നിങ്ങൾ പതിതമായി, അതിനാൽ ദുഃഖിയായി. സ്വർഗ്ഗത്തിൽ വളരെ സുഖിയായിരുന്നു. കക്കക്ക് സമാനമായ ഭാരതം പിന്നീട് വജ്രത്തിന് സമാനമാകും. ഈ ഒരേയൊരു ബാബയാണ് പറയുന്നത്- ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കാൻ വന്നിരിക്കുന്നു. പരിധിയില്ലാത്ത അച്ഛൻ പറയുന്നു- നിങ്ങൾ ഈ അന്തിമ ജന്മം പവിത്രമാകൂ. ഈ മാതാ-പിതാവിൽ നിന്നും നിങ്ങൾ അമൃതം കുടിക്കണം, വിഷം കുടിക്കുന്നത് ഉപേക്ഷിക്കണം. കാമചിതയിൽ നിന്നും ജ്ഞാന ചിതയിലിരിക്കൂ. നിങ്ങൾക്ക് ശ്രീമതം ലഭിക്കുന്നു. സമ്പത്ത് നേടണം എന്ന നിശ്ചയമില്ലാത്തവർ പറയും- ബാബാ വിഷം ഉപേക്ഷിക്കാൻ വളരെ പ്രയാസമാണ്. നിങ്ങൾക്ക് 21 ജന്മം സുഖത്തിന്റെ പ്രാപ്തിയുണ്ടാ കുന്നു, അതിന് വേണ്ടി നിങ്ങൾക്ക് ഇത് ഉപേക്ഷിക്കാൻ സാധിക്കില്ലേ. ഭക്തി, ജപം, തപസ്സ് ഇതെല്ലാം ചെയ്യുന്നതിലൂടെ പരിധിയുള്ള സുഖം ലഭിക്കുന്നു. പരിധിയില്ലാത്ത സുഖം പരിധിയില്ലാത്ത ബാബയിൽ നിന്നാണ് ലഭിക്കുന്നത്. ബാബ പറയുന്നു- ഞാൻ സന്യാസിമാരുടെയും ഉദ്ധാരം ചെയ്യുന്നു കാരണം ശിവ ബാബയെ അറിയാത്തത് കാരണം സത്ഗതി ആരും പ്രാപ്തമാക്കുന്നില്ല, തിരികെ വീട്ടിൽ ആർക്കും പോകാനും സാധിക്കില്ല. ബാബയുടെ വീട്ടിലേക്കുള്ള മാർഗ്ഗം അറിയാമെങ്കിൽ പോകേണ്ടേ. സർവ്വരും പുനർ ജന്മം എടുക്കുക തന്നെ വേണം. സതോ, രജോ, തമോയിൽ വരുക തന്നെ വേണം. ഇപ്പോൾ അസ ത്യമായ ലോകമാണ്, അസത്യമായ ശരീരമാണ്. ധർമ്മം സ്ഥാപിച്ചവരുടെ പേരിലാണ് ശാസ്ത്രങ്ങൾ ഉണ്ടാ

കുന്നത്, അതിനെ ധർമ്മ ശാസ്ത്രമെന്നു പറയുന്നു. ക്രിസ്തു വന്ന് എന്തു ചെയ്തു? സ്വയം വന്നു, അവരുടെ പിന്നാലെ ആ ധർമ്മത്തിലുള്ള ആത്മാക്കൾക്ക് വരണം. വൃദ്ധിയുണ്ടാകണം. ഇപ്പോൾ നോക്കൂ മതം മാറ്റി ക്രിസ്ത്യാനികളാക്കുന്നുണ്ട്. കൂടുതലും ഹിന്ദു ധർമ്മത്തിലുള്ളവരെയാണ് മാറ്റുന്നത്. അവർക്ക് അവരുടെ ധർമ്മത്തെ കുറിച്ചേ അറിയില്ല. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ദേവതാ വർണ്ണത്തിലേക്ക് പോകും. കൃഷ്ണന്റെ ആത്മാവും ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ സംഗമമായത് കാരണം എല്ലാം കലർന്നു പോയി. ഈ ചിത്രങ്ങളെല്ലാം ഭക്തി മാർഗ്ഗത്തിലേതാണ്. ജ്ഞാന സാഗരൻ പരമപിതാ പരമാത്മാവാണ്, ബാബയിലൂടെ സർവ്വർക്കും സത്ഗതി ലഭിക്കണം. സത്യയുഗത്തിൽ കുറച്ചു പേരേ ഉണ്ടാകൂ. ബാക്കി സർവ്വരും കർമ്മ കണക്ക് തീർത്ത് മുക്തിധാമിലേക്ക് പോകും. അവർക്ക് ശാന്തിയും നിങ്ങൾക്ക് സുഖവും ലഭിക്കും. ഇപ്പോൾ നിങ്ങൾ അളവറ്റ സുഖം നേടുന്നതിന് വേണ്ടി പഠിക്കുന്നു. പാർട്ടുള്ളവരാണ് കല്പ കല്പം പുരുഷാർത്ഥം ചെയ്യുന്നത്. ബ്രാഹ്മണരാകുന്നവർ തന്നെയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നത് എന്നാൽ പുരുഷാർത്ഥത്തിന്റെ നമ്പറനുസരിച്ച്. ഇപ്പോൾ ദേവീ ദേവതാ ധർമ്മത്തിന്റെ തൈ നട്ടു കൊണ്ടിരിക്കുന്നു. കഴിഞ്ഞ കല്പത്തിൽ വന്നവർ തന്നെ ഈ കല്പത്തിലും വരും. ഡ്രാമ നിങ്ങളെ കൊണ്ട് പുരുഷാർത്ഥവും തീർച്ചയായും ചെയ്യിക്കും. ഈ സമയത്ത് സർവ്വരും കല്ലു ബുദ്ധികളാണ്. പവിഴ ബുദ്ധിയാകുന്നത് സത്യയുഗത്തിലാണ്. അവിടെ രാജാ, റാണി, പ്രജകൾ സർവ്വരും പവിഴ ബുദ്ധിയായിരിക്കും.

ഇപ്പോൾ നിങ്ങൾ പാണ്ഢവ സേനയാണ്. നിങ്ങൾ ബാബയുടെ സഹായത്തിലൂടെ സ്വർഗ്ഗത്തിന്റെ അടിത്തറ ഇട്ടു കൊണ്ടിരിക്കുന്നു. നിങ്ങൾ സ്വർഗ്ഗത്തിന്റെ പ്ലാൻ തയ്യാറാക്കി കൊണ്ടിരിക്കുന്നു. അമരലോകത്തേക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ബാക്കി ആര് എന്തെല്ലാം പ്ലാൻ ഉണ്ടാക്കുന്നുവൊ അത് സ്വന്തം വിനാശത്തിന് വേണ്ടി തന്നെയാണ്. നിങ്ങൾ അഹിംസകരാണ്. അവർ ഹിംസകരാണ്. ഹിംസ ചെയ്യുന്നവർ പരസ്പരം കലഹിച്ച് നശിക്കുന്നു, ശേഷം ജയാരവം മുഴങ്ങുന്നു. നിങ്ങൾ കുട്ടികൾക്കറിയാം ഡ്രാമയനുസരിച്ച് കഴിഞ്ഞ കല്പത്തിൽ വന്നവർ തന്നെ വന്ന് അഭിവൃദ്ധി നേടി കൊണ്ടിരിക്കും. ചിലർ ബാബയുടേതായിട്ട് വിട്ടു പോകുന്നു. ബാബ പറയുന്നു നിങ്ങൾ എന്റെ ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ സൂര്യവംശീ മഹാരാജാ മഹാറാണിയായി തീരും. ഇവിടെ പരിശ്രമത്തിന്റെ കാര്യമാണ്. അവർ വളരെ താല്പര്യത്തോടെ ശാസ്ത്രങ്ങളിടെ കഥകൾ കേൾപ്പിക്കുന്നു. അത് നിങ്ങളും കേട്ടിരുന്നു.  കേട്ട് കേട്ട് നരകവാസിയായി, കലകൾ കുറഞ്ഞു വന്നു. പറയുന്നു- പതി തന്നെയാണ് ഈശ്വരൻ എന്ന്, എന്നാലും ഗുരുവിന്റെയടുത്ത് പോകുന്നു. കലകൾ കുറഞ്ഞു വന്നില്ലേ. സൃഷ്ടി തമോപ്രധാനമാകുക തന്നെ വേണം. ബാബ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ബാബ പറയുന്നു മധുരമായ കുട്ടികളേ ഇപ്പോൾ നിങ്ങളുടെ 84 ജന്മങ്ങൾ പൂർത്തിയായി. ഇപ്പോൾ ദേഹീയഭിമാനിയായി ഭവിക്കൂ. എന്നെ മാത്രം ഓർമ്മിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) സത്യംസത്യമായ ബ്രാഹ്മണരായി ഈ രുദ്ര ജ്ഞാന യജ്ഞത്തെയും സംരക്ഷിക്കണം അതോടൊപ്പം വ്യക്ത ബ്രഹ്മാവ് അവ്യക്തമായത് പോലെ അവ്യക്തമാകുന്നതിനുള്ള പുരുഷാർത്ഥവും ചെയ്യണം.

2) 21 ജന്മം സുഖിയാകുന്നതിന് ഈ ഒരു ജന്മം ബാബയോട് പാവനമാകുന്നതിനുള്ള പ്രതിജ്ഞയെടുക്കണം. കാമ ചിതയെ ഉപേക്ഷിച്ച് ജ്ഞാന ചിതയിലിരിക്കണം. തീർച്ചയായും ശ്രീമത്തനുസരിച്ച് നടക്കണം.

## വരദാനം:- സത്ഗുരുവിലൂടെ പ്രാപ്തമായ മഹാമന്ത്രത്തിന്റെ ചാവിയിലൂടെ സർവ്വ പ്രാപ്തി സമ്പന്നരായി ഭവിക്കൂ

സത്ഗുരുവിലൂടെ ജന്മമെടുത്തപ്പോൾ തന്നെ ഏറ്റവും ആദ്യത്തെ മഹാമന്ത്രം ലഭിച്ചു - പവിത്രമാകൂ-യോഗിയാകൂ. ഈ മഹാമന്ത്രം തന്നെയാണ് സർവ്വ പ്രാപ്തികളുടെയും ചാവി. അഥവാ പവിത്രമല്ല, യോഗീ ജീവിതമില്ലെങ്കിൽ അധികാരമുണ്ടായിട്ടും അധികാരത്തിന്റെ അനുഭൂതി ചെയ്യാൻ സാധിക്കില്ല, അതുകൊണ്ട് ഈ മഹാമന്ത്രം സർവ്വ ഖജനാവുകളുടെയും അനുഭൂതിയുടെ ചാവിയാണ്. ഇങ്ങനെയുള്ള ഏതൊരു

ചാവിയുടെ മഹാമന്ത്രമാണോ സത്ഗുരുവിലൂടെ ശ്രേഷ്ഠ ഭാഗ്യത്താൽ ലഭിച്ചത് അതിനെ സ്മൃതിയിൽ വച്ച് സർവ്വ പ്രാപ്തികളാലും സമ്പന്നമാകൂ.

## സ്ലോഗൻ:- സംഘടനിൽ തന്നെയാണ് തന്റെ സുരക്ഷയുള്ളത്, സംഘടനയുടെ മഹത്വത്തെ അറിഞ്ഞ് മഹാൻ ആത്മാവാകൂ.

### മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം

മനുഷ്യർ ചോദ്യം ചോദിക്കാറുണ്ട് സൃഷ്ടിയുടെ ആദി എങ്ങനെയാണ് ഉണ്ടായത്? അവർക്ക് ഇത്ര മാത്രമാണ് അറിയുന്നത് അതായത് സൃഷ്ടിയുടെ ആദി നമ്മുടെ ധർമ്മത്തിൽ നിന്ന് തന്നെയാണ് ഉണ്ടായത്. ഇബ്രാഹിമിന്റെ പിൻഗാമികൾ, ഇസ്ലാമികൾ പറയും ഞങ്ങളുടെ ധർമ്മത്തിൽ നിന്നാണ് സൃഷ്ടി ആരംഭിച്ചത്. ക്രിസ്ത്യാനികൾ പിന്നീട് അവരുടെ സമയത്താണ് ആദിയെന്ന് കരുതുന്നു. ബുദ്ധർ പിന്നീട് അവരുടെ ധർമ്മത്തോടെയാണ് ആദിയെന്ന് മനസ്സിലാക്കുന്നു. പിന്നീട് കാണിക്കുന്നു സൃഷ്ടിയുടെ ആദിയിൽ മനുഷ്യനെ എങ്ങനെയാണ് ഉണ്ടാക്കിയത്? തുടക്കത്തിൽ ഏറ്റവുമാദ്യം അസ്ഥികളാൽ മനുഷ്യനെ ഉണ്ടാക്കി, പിന്നീട് ഇങ്ങനെ കാണിക്കുന്നു ആദ്യം കാറ്റുണ്ടായിരുന്നു, അതിൽ നിന്ന് ശ്വാസമുണ്ടാക്കി, പിന്നീട് ശ്വാസകോശമുണ്ടാക്കി അങ്ങനെ മനുഷ്യനെ ഉണ്ടാക്കി. ഇങ്ങനെ ആദ്യത്തെ മനുഷ്യനെ ഉണ്ടാക്കി, പിന്നീട് മുഴുവൻസൃഷ്ടിയും. ഇപ്പോൾ ഇതാണ് മനുഷ്യരുടെ കേട്ടുകേൾവിയിലെ കാര്യങ്ങൾ എന്നാൽ നമുക്ക് സ്വയം പരമാത്മാവ് പറഞ്ഞു തന്നുകൊണ്ടിരിക്കുകയാണ് യഥാർത്ഥത്തിൽ സൃഷ്ടി എങ്ങനെയാണ് ഉണ്ടായത്? വാസ്തവത്തിൽ പരമാത്മാവ് അനാദിയാണ് അപ്പോൾ ഈ സൃഷ്ടിയും അനാദിയാണ്, അങ്ങനെയുള്ള അനാദി സൃഷ്ടിയുടെ ആദിയും പരമാത്മാവിലൂടെ തന്നെയാണ് ഉണ്ടായത്. നോക്കൂ, ഗീതയിലുണ്ട് ഭഗവാനുവാചാ എപ്പോഴാണോ ഞാൻ വരുന്നത് അപ്പോൾ ആസുരീയ ലോകത്തിന്റെ വിനാശം ചെയ്ത് ദൈവീക ലോകത്തിന്റെ സ്ഥാപന ചെയ്യുന്നു അർത്ഥം കലിയുഗീ തമോഗുണീ അപവിത്ര ആത്മാക്കളെ പവിത്രമാക്കുന്നു. അപ്പോൾ ഏറ്റവുമാദ്യം പരമാത്മാവ് സൃഷ്ടിയുടെ ആദിയിൽ ബ്രഹ്മാ വിഷ്ണു ശങ്കരൻ മൂന്ന് രൂപങ്ങളെ രചിച്ചു പിന്നീട് ബ്രഹ്മാവിലൂടെയും സരസ്വതിയിലൂടെയും ദൈവീക ലോകത്തിന്റെ സ്ഥാപന ചെയ്തു. അങ്ങനെ സൃഷ്ടിയുടെ ആദി ബ്രഹ്മാവിലൂടെ ആരംഭിച്ചു ആ ബ്രഹ്മാവിനെയാണ് ക്രിസ്ത്യാനികൾ ആദം എന്നും സരസ്വതിയെ ഈവ് എന്നും പറയുന്നത്. മുസ്ലീമിൽ പിന്നീട് ആദം ബീബിയെന്ന് പറയുന്നു, ഇപ്പോൾ വാസ്തവത്തിൽ യഥാർത്ഥ കാര്യം ഇതാണ്. എന്നാൽ ഈ രഹസ്യത്തെ അറിയാത്തതു കാരണം ഒരേ ബ്രഹ്മാവിന് തന്നെ വ്യത്യസ്ത പേര് നൽകിയിരിക്കുന്നു. ഏതുപോലെയാണോ പരമാത്മാവിനെ ചിലർ ഗോഡ് എന്ന് പറയുന്നു, ചിലർ അള്ളാഹുവെന്ന് പറയുന്നു എന്നാൽ പരമാത്മാവ് ഒന്ന് തന്നെയാണ്, ഇത് കേവലം ഭാഷയിലെ വ്യത്യാസമാണ്. ശരി - ഓം ശാന്തി.